**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളും അമ്പലങ്ങളും പുനരുദ്ധരിക്കുന്നതിനായി ധനസഹായം അനുവദിക്കാറുണ്ടോ; ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷയുടെ നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളും അമ്പലങ്ങളും പുനരുദ്ധരിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല . എന്നാൽ വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാവുകൾ നവീകരിക്കുന്നത് പ്രത്യേക ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട് . കൂടാതെ ഇത്തരത്തിൽ അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കാൻ കഴിയും . |
| (ബി) | ഇത്തരത്തിൽ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്നും കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ ലഭിച്ച അപേക്ഷകളിൽ എന്നു വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 375 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2018-19 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് . |
| (സി) | അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും ഇതിനായി വേണ്ടി വരുന്ന തുകയും എത്രയാണ്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ അർഹത ഉറപ്പാക്കി 2019-20 ൽ ഭരണാനുമതി നൽകിയിരുന്നു . ആയതിനു ശേഷം 229 അപേക്ഷകൾ ലഭ്യമായി . ഇതിനായി വേണ്ടി വരുന്ന തുക 10,41,45,830/- (പത്തുകോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) . 2019-20 നു ശേഷം അംബേദ്കർ ഗ്രാമം പദ്ധതി ഘടകമാക്കി നടപ്പാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ